കേരളസർക്കാർ
**പൊതുവിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2020**

## മാതൃകാ ചോദ്യപേപ്പറിന്റെ ഘടന

കോവിഡിന്റെ പ്രത്യേക സാഹചര്യത്തിലാണ് നമ്മുടെ കുട്ടികൾ പൊതുപരീക്ഷയെ അഭിമുഖീകരിക്കുന്നത്. വീഡിയോ ക്ലാസ്സുകൾ, അദ്ധ്യാപകരുടെ പിന്തുണ തുടങ്ങി കുട്ടികൾക്ക് ലഭിച്ച വിവിധ പഠനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ സഹായകരമാകുംവിധമാണ് പരീക്ഷക്കായുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളത്. പ്രത്യേകം ശ്രദ്ധ നൽകി റിവിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ട പാഠഭാഗങ്ങൾ ഇതിനോടകം തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പാഠഭാഗങ്ങൾക്ക് ആവശ്യമായ ഊന്നൽ നൽകിയാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. അഭിരുചിയ്ക്കനുസരിച്ച് ഉത്തരമെഴുതാൻ സഹായകരമാകും വിധം ആവശ്യമായതിലും ഇരട്ടി സ്കോറിനുള്ള ചോദ്യങ്ങൾ ചോദ്യപേപ്പറുകളിൽ ഉണ്ടായിരിക്കും. ഇതിൽ നിന്നും കുട്ടികൾക്ക് നന്നായി ഉത്തരമെഴുതാൻ കഴിയുന്ന ചോദ്യങ്ങൾ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ ചോദ്യപേപ്പറിനും നിശ്ചയിച്ച സ്കോറിനു മാത്രമെ ഉത്തരമെഴുതേണ്ടതുള്ളു. എന്നാൽ കുട്ടികൾ അധികമായി ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ അവയിൽ നിന്നും ഏറ്റവും മികച്ച ഉത്തരങ്ങളാണ് മൂല്യനിർണയത്തിനു പരിഗണിക്കുക. അതുകൊണ്ട് താഴെപറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമാണ് ഉപയോഗിക്കേണ്ടത്.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കിയതിനുശേഷമാണ് ഉത്തരമെഴുതേണ്ടത്.
- ചോദ്യപേപ്പറിലെ ഏതു ചോദ്യത്തിനും ഉത്തരം എഴുതാവുന്നതാണ്. എന്നാൽ അതാത് ചോദ്യപേപ്പറിന് നിശ്ചയിച്ച സ്കോർ ആയിരിക്കും കുട്ടിക്ക് പരമാവധി ലഭിക്കുക.
- കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ അവയിൽ നിന്നും ഏറ്റവും മികച്ച ഉത്തരങ്ങളാണ് മൂല്യനിർണയത്തിനു പരിഗണിക്കുക.
- ഉത്തരമെഴുതുമ്പോൾ ചോദ്യങ്ങളുടെ സ്കോറും സമയവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

YOU SEE

# എസ്.എസ്.എൽ.സി. മാതൃകാചോദ്യപേപ്പർ 2020 - 21
# സാമൂഹ്യശാസ്ത്രം

**Std : X** **Maximum Score : 80**
**Time : 2½ hours**

**പൊതുനിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

**1. *a* മുതൽ *l* വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം** **(12 x 1 = 12)**

- a.
- b.
- c.
- d.
- e.
- f.
- g.
- h.
- i.
- j.
- k.
- l.

YOU SEE

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

- 2
- 3
- 4
- 5
- 6
- 7
- 8
- 9
- 10

- 11
- 12
- 13
- 14
- 15
- 16
- 17
- 18
- 19
- 20
- 21
- 22
- 23
- 24
- 25

YOU SEE

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം**

- 26
- 27
- 28
- 29
- 30
- 31
- 32
- 33
- 34
- 35
- 36
- 37
- 38

YOU SEE

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം**

- 39
- 40
- 41
- 42

## You See's Dream Model Question

**1- a മുതൽ l വരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം**

a- ജോ ബൈഡൻ നാല്പത്തിയാറാമത്തെ യു എസ്( USA) പ്രെസിഡണ്ടാണ്, ആരായിരുന്നു ആദ്യത്തെ പ്രസിഡന്റ്

(i)- ജോർജ് വാഷിംഗ്ടൺ (ii)- ജെയിംസ് മാഡിസൺ (iii)- തോമസ് ജെഫേഴ്സൺ
(iv)- ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

b- ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമ ലക്ഷ്യം പൂർണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനം നടന്ന വർഷം

i- 1942 ii- 1930 iii- 1920 iv 1929

c- ദിയു ഏത് യൂറോപ്യൻ രാജ്യത്തിന്റെ അധീന പ്രദേശമായിരുന്നു

i-ഫ്രാൻസ് ii- ബ്രിട്ടൻ iii- പോർട്ടുഗൽ iv- ജർമനി

d. ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ ഇന്ത്യയിലെ കൊടുമുടി

i-മൗണ്ട് K2 ii- കാഞ്ചൻ ജംഗ iii- നന്ദാ ദേവി iv- ആനമുടി

e. നിങ്ങൾ എന്തെങ്കിലും നടപ്പാക്കുന്നതിന് മുമ്പ് നിങ്ങൾ കണ്ട പാവപ്പെട്ടവനും നിസ്സാഹായനുമായ ഒരുവന്റെ മുഖം ഓർക്കുക ...........ആ പാവപ്പെട്ടവന് എങ്ങനെ സഹായകമാകുന്നുവെന്ന് സ്വയം ചോദിക്കുക - ഇത് ആരുടെ വാക്കുകളാണ്

i- ഗാന്ധിജി ii- എ പി ജെ അബ്ദുൽകലാം iii- അബ്ദുൽകലാം ആസാദ് iv- റൂസ്സോ

f. തിസ്ത താഴെപറയുന്ന ഏത് നദിയുടെ പോഷക നദിയാണ്

i- സിന്ധു ii- ഗംഗ iii- ബ്രഹ്മപുത്ര iv- ലൂണി

g. കർഷകരിൽനിന്നും 'തിഥേ' ( Thithe ) എന്ന നികുതി പിരിച്ചതാര്

i- രാജാവ് ii- പുരോഹിതർ iii- പ്രഭുക്കന്മാർ iv- കച്ചവടക്കാർ

h. ഝാൻസി റാണി റെജിമെന്റിന്റെ ചുമതല വഹിച്ച മലയാളിയായിരുന്നു .....

i- അക്കാമ്മ ചെറിയാൻ ii- ആനി മാസ്ക്രീൻ iii- ലക്ഷ്മി iv- കുട്ടിമാളു അമ്മ

i . 2011- സെൻസസ് അനുസരിച്ചു ഇന്ത്യയിലെ സ്ത്രീ സാക്ഷരതാ നിരക്ക്

(i)- 65.46 ii- 82.14 iii 74.04 iv- 68.56

j. വിദ്യാഭ്യാസ അവകാശ നിയമം (RTE Act) പാസ്സാക്കിയ വർഷം

( i)- 2009 ii- 2010 iii- 2011 iv 2021

YOU SEE

k. ജൂൺ 21 ന് സൂര്യൻ ഏത് അക്ഷാംശ രേഖക്ക് നേർ മുകളിലാണ്

i- ഭൂമധ്യ രേഖ ii-ദക്ഷിണായന രേഖ iii- ഉത്തരായണ രേഖ iv- ആർട്ടിക് വൃത്തം


l. അന്തരീക്ഷ മർദ്ദം അളക്കുന്ന ഉപകരണം

i-അനിമോ മീറ്റർ ii- സ്റ്റീരിയോ സ്കോപ്പ് iii- ബാരോമീറ്റർ iv- തെർമോമീറ്റർ

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

2. ഭ്രമണവുമായി ബന്ധപ്പെട്ട മൂന്ന് വസ്തുതകൾ എഴുതുക

3. ഫ്ലോ ചാർട്ട് പൂർത്തിയാക്കുക




| A | B | C |
|---|---|---|

4. സിന്ധു നദിയുടെ 3 പോഷക നദികളെഴുതുക
5. ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച 3 നാട്ടുരാജ്യങ്ങളുടെ പേരെഴുതുക
6. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ എന്തെല്ലാം
7. ഗ്രീനിച്ചിൽ ഉച്ചയ്ക്ക് 12 മണിയായിരിക്കുമ്പോൾ താഴെ ബോക്സിൽ നൽകിയിരിക്കുന്ന രേഖാംശങ്ങളിലെ സമയം എത്രയാണ്

| | | |
|---|---|---|
| i-1° പടിഞ്ഞാറ് | ii- 1° കിഴക്ക് | Iii- 82.5° കിഴക്ക് |

8. രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു. മാനവവിഭവ ശേഷിവികസനത്തിന്റെ മറ്റു 3 തലങ്ങൾ ഏതെല്ലാം
9. താരതമ്യം ചെയ്യുക - ഗ്രീഷ്മ അയനാന്ത ദിനം, ശൈത്യ അയനാന്ത ദിനം
10. ട്രാൻസ് ഹിമാലയത്തെക്കുറിച്ച് കുറിപ്പെഴുതുക
11- ഇന്ത്യയും ചൈനയും പഞ്ചശീല തത്വങ്ങളിൽ ഒപ്പുവച്ച വർഷം ? ഈ കരാറിൽ ഒപ്പുവച്ചതാരെല്ലാം
12. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്കിനെക്കുറിച്ച കുറിപ്പ് തയ്യാറാക്കുക
13. താഴെപറയുന്ന വാക്യങ്ങളെ നിർവ്വചിക്കുക
    a) സാക്ഷരതാ നിരക്ക് b) ആരോഗ്യം c) ആയുർദൈർഘ്യം
14. ഇന്ത്യൻ ശാസ്ത്ര സാങ്കേതിക രംഗത്ത് നിലവിൽവന്ന 3 ഗവേഷണ സ്ഥാപനങ്ങളുടെ പേരെഴുതുക
15. റഷ്യയിൽ ഉണ്ടായിരുന്ന ഏത് തൊഴിലാളി സംഘടനയാണ് മെൻഷെവിക്കുകൾ ബോൾഷെവിക്കുകൾ എന്നിങ്ങനെ രണ്ടായി പിരിഞ്ഞത് ? ബോൾഷെവിക് പാർട്ടിക്ക് നേതൃത്വം നൽകിയവർ ആരെല്ലാം?
16. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു? ഈ സമ്മേളനത്തിന്റെ തീരുമാങ്ങൾ എഴുതുക
17. ചൗരി ചൗരാ സംഭവത്തെക്കുറിച്ച് ലഘുകുറിപ്പെഴുതുക
18. ഇന്ത്യയിലെ ഫ്രഞ്ച് അധീന പ്രദേശങ്ങൾ ഏതെല്ലാം ?
19. UPSC, PSC - താരതമ്യം ചെയ്യുക
20. എന്താണ് ഉദ്യോഗസ്ഥവൃന്ദം? ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഉദ്ദേശ്യമെന്ത് ?
21. സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ട് വച്ച ആശയങ്ങൾ എന്തെല്ലാം?
22. രാഷ്ട്രത്തിനുവേണ്ടി ഗവൺമെന്റുകൾ നിർവഹിക്കുന്ന 3 ചുമതലകൾ എഴുതുക
23. ഇറ്റലിയിലെ ഫാഷിസം ലോകത്തിന് ഭീഷണിയായി മാറിയത് എങ്ങിനെ
24. ആഗോളമർദ്ദ മേഖലകളും അക്ഷാംശീയ വ്യാപ്തിയും എഴുതുക
25. ആകാശീയ വിദൂരസംവേദനത്തിന്റെ പരിമിതികൾ എന്തെല്ലാം?

YOU SEE

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം**

26. എ കോളത്തിന് അനുയോജ്യമായത് ബി യിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക

| A | B |
|---|---|
| SSA | ഉന്നത വിദ്യാഭ്യാസ ലഭ്യത ഉറപ്പ്വരുത്തുക |
| ICDS | അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശാക്തിപ്പെടുത്തുക |

| | |
|---|---|
| RUSA | ഗർഭിണികളുടെ ആരോഗ്യപരിപാലനം |
| RMSA | തുല്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുക |

**27.** കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തുക

- ഖിലാഫത്ത് പ്രസ്ഥാനം
- ക്വിറ്റ് ഇന്ത്യാ സമരം
- ഖേഡയിലെ കർഷക സമരം
- സിവിൽ നിയമലംഘന പ്രസ്ഥാനം

**28.** 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ എഴുതുക

**29.** ഹിമവാന്റെ മടിത്തട്ടിലെ ജീവിതത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

**30.** എന്താണ് ഇ - ഗവേണൻസ്? ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

**31.** അച്ചുതണ്ടിന്റെ സമാന്തരതയും സൂര്യന്റെ അയനവും തമ്മിലുള്ള ബന്ധം വിശദമാക്കുക

**32.** ഉപദ്വീപീയപീഠഭൂമിയിലെ പ്രധാനപ്പെട്ട നൈസർഗിക സസ്യജാലങ്ങളും മണ്ണിനങ്ങളും എഴുതുക

**33.** ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ എഴുതുക

**34.** അധ്വാന ശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം

**35.** ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക

(A) സത്പുര നിരകൾ (B) കൃഷ്ണ നദി (C) ഛോട്ടാ നാഗ് പൂർ പീഠഭൂമി (D) ഹിമാദ്രി

**36.** രാജാക്കന്മാരും ശിപ്പായിമാരും 1857 ലെ വിപ്ലവത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ഇടയാക്കിയ സാഹചര്യങ്ങൾ പരിശോധിക്കുക

**37.** പട്ടികയിൽ നൽകിയിട്ടുള്ള ഭൂപടചിന്ഹങ്ങൾ ഓരോന്നും ഏതൊക്കെ ഭൂവിവരങ്ങളെയാണ് സൂചിപ്പിക്കുന്നത്

| | Symbols |
|---|---|
| a) |  |
| b) |  |
| c) |  |
| d) |  |

YOU SEE

**38.** ഇന്ത്യയിൽ പൊതുകടം വർധിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം**

**39.** തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച്വിപ്ലവത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക

- രാജ്യത്തിന്റെ സാമ്പത്തിക തകർച്ച
- സാമൂഹിക അസമത്വം

**40.** ഋതുകകൾ ഏതെല്ലാമെന്ന് ക്രമത്തിലെഴുതുക. ഓരോ ഋതുവിലും സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റം എപ്രകാരം, മാസങ്ങൾ എന്നിവ വിശദീകരിക്കുക


**41.** ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദീകരിക്കുക

**42.** താഴെപറയുന്നവ വിശദീകരിക്കുക

- വൈക്കം സത്യാഗ്രഹം
- ഗുരുവായൂർ സത്യാഗ്രഹം
- നിവർത്തന പ്രക്ഷോഭം

Abdul Vahid U C Payyoliangadi – SIHSS Ummathur Vadakara, Kozhikode

Q- 35.




YOU SEE

THANK YOU